പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3621 — 12.12.2014 - ൽ മറുപടിയ്ക്ക്

**അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ്**

ചോദ്യം — ഉത്തരം

ശ്രീ. പി.റ്റി.എ. റഹീം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒരു ദിവസം അനാഥാലയങ്ങളിലെ ഒരു അന്തേവാസിക്ക് വസ്ത്രം, ഭക്ഷണം തുടങ്ങിയവയ്ക്ക് ചെലവ് വരുന്നത് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 800/- രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകി വരുന്നു. |
| (ബി) | സർക്കാർ നൽകുന്ന ഗ്രാന്റ് ഇതിന് മതിയാകുന്നതാണോ; | (ബി) | അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കാറുണ്ട്. |
| (സി) | വിദേശ സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് ചെലവ് കണക്കാക്കുന്നതിലുള്ള മാനദണ്ഡമെന്താണ്; | (സി) | സർക്കാർ നൽകുന്ന ബോർഡിംഗ് ഗ്രാന്റും വിദേശ ധനസഹായമായി ലഭിയ്ക്കുന്നതും കൂട്ടിയുള്ള തുക 1,500/- രൂപയിൽ കൂടുതൽ വരുന്ന പക്ഷം കൂടുതലായി വരുന്ന തുക സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിൽ കുറവ് വരുത്തുന്നതിന് വ്യവസ്ഥയുണ്ട്. |
| (ഡി) | ചെലവ് സംബന്ധിച്ച നിരക്ക് പുതുക്കിയത് ഏത് വർഷമാണ്; | (ഡി) | 2012 മുതലാണ് പുതിയനിരക്ക് നിലവിൽ വന്നത്. |
| (ഇ) | ഒരു അന്തേവാസിക്ക് വിദേശ സഹായവും ഗ്രാന്റും ഉൾപ്പെടെയുള്ള ചെലവ് സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | (ഇ) | പരിഗണനയിലുണ്ട്. |
| (എഫ്) | ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് പുനപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എഫ്) | ഓർഫനേജുകളുടെ മിനിമം സ്റ്റാൻഡേർഡിനുള്ള റഗുലേഷൻ പുതുക്കുന്നത് അന്തിമ ഘട്ടത്തിലാണ്. അത് അംഗീകരിയ്ക്കുന്ന മുറയ്ക്ക് ഗ്രാന്റ് ഇൻ എയ്ഡ് റൂൾസും പുതുക്കുന്ന നിർദ്ദേശം പരിഗണിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ജി) | സംസ്ഥാനത്തിന് പുറത്തു നിന്നും വരുന്ന അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; സംസ്ഥാനത്തിനു പുറത്തുള്ള അന്തേവാസികളെ സ്വീകരിക്കുന്നതിന് ഡസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥൻ ആരെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ? | (ജി) | ഇല്ല. സംസ്ഥാനത്തിന് പുറത്ത് നിന്നു വരുന്ന കുട്ടികൾക്ക് സർക്കാർ ഗ്രാന്റ് ഇൻ എയ്ഡിന് അർഹതയില്ല. ഇപ്രകാരം പുറത്ത് നിന്ന് വരുന്ന കുട്ടികൾക്ക് ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിട്ടില്ല. ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അംഗീകരിച്ച് നൽകുന്ന ലിസ്റ്റിൻ പ്രകാരമുള്ള കുട്ടികളെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോടുകൂടി പ്രവേശനം നൽകാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**